2006-07 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച 4.5 കോടി രൂപ ഡബിൾ ബലൂൺ ആഞ്ചിയർ ഫ്രാക്ടോസ്കോപ്പ് വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട്. 4,40,000-രൂപ ഉപയോഗിച്ച് 92 ഫ്രാക്ടോസ്കോപ്പ് മെഷീൻ വാങ്ങി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുന്ന ആശുപത്രികൾക്കായി വിതരണം ചെയ്യുകയുണ്ടായി. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കിയതിന്റെ നേട്ടങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ ജനന നിരക്ക് 14.6-ഉം ദേശീയതലത്തിലെ ജനന നിരക്ക് 22.8-ഉം ആണ്.

(സി) സംസ്ഥാനത്തെ ശിശുമരണ നിരക്ക് 12-ഉം ദേശീയ തലത്തിൽ 53-ഉം ആണ്.

(ഡി) ജനനീ സുരക്ഷാ പദ്ധതിക്കായി 2009-10 സാമ്പത്തിക വർഷത്തിൽ 11.61 കോടി രൂപ ചെലവഴിച്ചു.

(ഇ) ജനനീ സുരക്ഷാ പദ്ധതി പ്രകാരം 2009-10 സാമ്പത്തിക വർഷത്തിൽ 1,34,974 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

(എഫ്) നവജാത ശിശുക്കളുടെ സംരക്ഷണത്തിന് വേണ്ടി സംസ്ഥാനതല ജില്ലാതല പരിശീലനങ്ങൾ ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തകർക്ക് (ഡോക്ടർമാർ, സ്റ്റാഫ് നേഴ്സുമാർ, ആശ വർക്കേഴ്സ്, ഫീൽഡ് സ്റ്റാഫുകൾ) ഇൻഡ്യൻ അക്കാഡമി ഓഫ് പീഡിയാട്രീഷ്യൻസ് (IAP) വഴി എൻ.ആർ.എച്ച്.എം. നൽകിവരുന്നു.

ഗ്രാമീണ സേവനം

10 (*670) ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഡോക്ടർമാർക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കിയിട്ടുണ്ടോ ;

(സി) ഗ്രാമീണ സേവനത്തിന് ഡോക്ടർമാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) സംവരണ മെഡിക്കൽ കോളേജുകളിൽ പഠനം പൂർത്തിയായവർക്ക് നിർബന്ധിത ഗ്രാമീണ സേവനം നടപ്പാക്കിയിട്ടുണ്ടോ ;

(ഇ) ഗ്രാമീണ മേഖലയിൽ ഇപ്പോൾ ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) ഗ്രാമീണ മേഖലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ആവശ്യത്തിനുള്ള റെഗുലർ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇതിനു പുറമെ എം.ബി.ബി.എസ്. പഠനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെയും ഗ്രാമീണ സേവനത്തിനായി മുകളിൽനിന്നുള്ള ആശുപത്രികളിൽ നിയമിക്കാറുണ്ട്.

(ബി) 1998 മുതലുള്ള പ്രൊഫഷണൽ ഡിഗ്രി പ്രോസ്പെക്ടസിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ വിജയകരമായി എം.ബി.ബി.എസ്.പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രാമീണ സേവനം നിർബന്ധമാണെന്ന് വ്യക്തമാക്കിയിരുന്നെങ്കിലും ഇത് നടപ്പിലാക്കിയത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ്. 22-12-2006-ലെ G.O.(MS)272/06/H&FWD ഉത്തരവ് അനുസരിച്ചാണ് ഗ്രാമീണ സേവനം നിർബന്ധമാക്കി നടപ്പാക്കിയത്.

(സി) നിർബന്ധിത ഗ്രാമീണ സേവനം നടത്തുന്ന ഡോക്ടർമാർക്ക് ഗ്രാമീണ മേഖലയിൽ ശമ്പളത്തിനു പുറമെ 3,000 രൂപയും ദുർഘട ഗ്രാമീണ മേഖലയിൽ 5,000 രൂപയും അലവൻസായി നല്കുന്നുണ്ട്. കൂടാതെ ഇങ്ങനെ സേവനം നടത്തുന്ന ഡോക്ടർമാർക്ക് ബിരുദാനന്തര പ്രവേശന പരീക്ഷയിൽ 10 മുതൽ 30 ശതമാനം വരെ വെയിറ്റേജ് നല്കാമെന്ന് ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

(ഡി) സഹകരണ മെഡിക്കൽ കോളേജുകളിൽ മെരിറ്റ് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കിയിട്ടുണ്ട്.

(ഇ) ഗ്രാമീണ മേഖലയിലെ ഒഴിവുവരുന്ന ഡോക്ടർമാരുടെ തസ്തികകൾ അതാത് സമയം P.S.C. ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നുണ്ട്. നിലവിലുള്ള ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹർത്താലും ബന്ദും നിരോധിക്കുന്നത് സംബന്ധിച്ച് നിയമപരിഷ്കാര കമ്മീഷൻ ശുപാർശകൾ

11 (*671) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹർത്താലും ബന്ദും നിരോധിക്കാൻ ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായിരുന്ന നിയമപരിഷ്കാര കമ്മീഷൻ ബിൽ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly